**പതിമൂന്നാം കേരള നിയമസഭ**

**ഒൻപതാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 4101** **26-06-2013- ൽ മറുപടിയ്ക്ക്**

**ചേലക്കര നിയോജകമണ്ഡലത്തിലെ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.കെ.രാധാകൃഷ്ണൻ** | **ശ്രീ.പി.ജെ.ജോസഫ്**<br>**(ജലവിഭവ വകുപ്പ് മന്ത്രി)** |
| **(എ)** ചേലക്കര നിയോജകമണ്ഡലത്തിൽ 2010-11, 2011-12, 2012-13 വർഷങ്ങളിൽ നടപ്പിലാക്കുവാൻ ആസൂത്രണം ചെയ്തിരുന്ന വിവിധ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളുടെ വിശദാംശങ്ങൾ അറിയിക്കുമോ ; | **(എ)** ചേലക്കര നിയോജകമണ്ഡലത്തിൽ 2010-11 സാമ്പത്തിക വർഷത്തിൽ മിർപ പദ്ധതിയിലുൾപ്പെടുത്തി പാറക്കടവ്, പഴയന്നൂർ എന്നീ സ്കീമുകളുടെ പമ്പ് ഹൗസുകളുടേയും പൈപ്പ് വർക്കുകളുടേയും സിവിൽ, ഇലക്ട്രിക്കൽ, മെക്കാനിക്കൽ വർക്കുകൾ ചെയ്തുകഴിഞ്ഞിട്ടുണ്ട്. 2011-12-ൽ അറക്കമല, ചെറുതുരുത്തി, ദേശമംഗലം, പല്ലൂർ എന്നീ എൽ.ഐ സ്കീമുകളുടെ സിവിൽ വർക്കുകൾ, പൈപ്പുകൾ മാറ്റിസ്ഥാപിക്കൽ എന്നിവ ചെയ്തിട്ടുണ്ട്. 2011-12 വർഷത്തിൽ ഇട്ടിച്ചിറകുണ്ട് എൽ.ഐ.എസിന്റെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. 2012-13-ൽ വിവിധ എൽ.ഐ.സ്കീമുകളുടെ പുനരുദ്ധാരണ പ്രവൃത്തികളും ചെയ്തിട്ടുണ്ട്. |
| **(ബി)** ഇതിൽ പൂർത്തിയാക്കിയ പദ്ധതികൾ ഏതെല്ലാമാണെന്നതും പൂർത്തീകരിക്കുന്നതിന് ചെലവായതുകയുടെ വിശദാംശങ്ങളും ലഭ്യമാക്കാമോ ; | **(ബി)** വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| **(സി)** പ്രസ്തുത പദ്ധതികളുടെ പൂർത്തീകരണം ഇനിയും അവശേഷിക്കുന്നുണ്ടെങ്കിൽ കാരണം അറിയിക്കുമോ ? | **(സി)** മിർപ പദ്ധതിയിൽ 2011-12 സാമ്പത്തിക വർഷത്തിൽ ഇട്ടിച്ചിറകുണ്ട് എൽ.ഐ.സ്കീമിന്റെ ടെണ്ടർ നടപടികൾ പൂർത്തിയായി.പണി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു |

**സെക്ഷൻ ഓഫീസർ.**

അനുബന്ധം

| നം. | എൽ.ഐ.സ്കീമിന്റെ പേര് | സിവിൽ വർക്കുകളുടെ വിശദാംശങ്ങൾ | ഇലക്ട്രിക്കൽ/മെക്കാനിക്കൽ വർക്കുകളുടെ വിശദാംശങ്ങൾ |
|---|---|---|---|
| 1 | പാറക്കടവ് എൽ.ഐ.എസ് | സിവിൽ പൂർത്തീകരിച്ചു ചെലവായ തുക 4,26,197 | പണി പൂർത്തീകരിച്ചു ബിൽ പേയ്മെന്റ് കഴിഞ്ഞിട്ടില്ല. |
| 2 | പഴയന്നൂർ എൽ.ഐ.എസ് | സിവിൽ പൂർത്തീകരിച്ചു ചെലവായ തുക 17,92,154 | പണി പൂർത്തീകരിച്ചു ബിൽ പേയ്മെന്റ് കഴിഞ്ഞിട്ടില്ല. |
| 3 | അറക്കമല എൽ.ഐ.എസ് | സിവിൽ പൂർത്തീകരിച്ചു ചെലവായ തുക 13,66,623 (PM - ൽ) | പണി പൂർത്തീകരിച്ചു ബിൽ വർക്കുകൾ നടന്നുകൊണ്ടിരിക്കുന്നു |
| 4 | ചെറുതുരുത്തി എൽ.ഐ.എസ് | സിവിൽ പൂർത്തീകരിച്ചു ചെലവായ തുക 2,18,506 | പണി പൂർത്തീകരിച്ചു ബിൽ പേയ്മെന്റ് കഴിഞ്ഞിട്ടില്ല. |
| 5 | പല്ലൂർ | സിവിൽ പൂർത്തീകരിച്ചു ചെലവായ തുക 1,93,901 | പണി പൂർത്തീകരിച്ചു ഇറക്ഷൻ ചെയ്യാനുണ്ട് |
| 6 | ദേശമംഗലം | സിവിൽ പൂർത്തീകരിച്ചു ചെലവായ തുക 1,93,420 | ഇലക്ട്രിക്കൽ വർക്ക് പൂർത്തീകരിച്ചു മോട്ടോർ ഒരെണ്ണം സ്ഥാപിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ